കേന്ദ്രത്തിൽ നിന്നുള്ള അരിവിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി

98(1355) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള അരിവിഹിതം എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഓരോ വർഷവും ലഭിക്കുന്ന അരി സംസ്ഥാനത്തിന്റെ ആവശ്യകത പൂർത്തീകരിക്കുന്നതാണോ എന്ന് വ്യക്തമാക്കുമോ :

(സി) ഇല്ലെങ്കിൽ ഈ കുറവ് പരിഹരിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ :

(ഡി) സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന അരി വിഹിതം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2006 മുതൽ വിവിധ വിഭാഗങ്ങൾക്കായി കേന്ദ്രം അനുവദിച്ച അരിയുടെ അളവ് ചുവടെ ചേർക്കുന്നു:

Year	APL	BPL	AAY	Annapoorna	Special
2006-07	1361040	320402	244473	3715.55	
2007-08	307008	318792	250260	4950	
2008-09	*298527	318792	250260	5400	
2009-10	447672	318792	250260	5400	35000(Rs14.70) 99114(Rs16.20)
2010-11	432672+				105818(12.70)
	97914	318792			50000(16.20)
	530586	47210			
		47210			
	69158(12.70)	=413212	250260	5400	

* 2008-2009-ൽ കേന്ദ്രം യഥാർത്ഥത്തിൽ അനുവദിച്ചത് 350672 മെ.ടൺ അരിയാണ്. എന്നാൽ 2008 ആഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ പ്രതിമാസം 17056 മെ.ടൺ അരി അനുവദിച്ചത് കേന്ദ്രപൂളിൽ നിന്നും നൽകുകയില്ലെന്നും സംസ്ഥാന പൂളിൽ നിന്നും വിട്ടെടുത്തു കൊള്ളണമെന്നും നിർദ്ദേശിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) എ.എ.വൈ. അന്നപൂർണ്ണ വിഭാഗങ്ങൾക്കൊഴികെ മറ്റ് വിഭാഗങ്ങളുടെ ആവശ്യത്തിന് അനുസൃതമായി വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യധാന്യം ലഭിക്കുന്നില്ല. കേന്ദ്ര സർക്കാരിൽ നിന്നും പൂർണ്ണതോതിലുള്ള റേഷൻ വിഹിതം ലഭിച്ചാൽ മാത്രമേ കുറവ് പരിഹരിക്കാൻ കഴിയുകയുള്ളു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെട്ടിക്കുറച്ച റേഷൻ പുനഃസ്ഥാപിക്കാനും കൂടുതൽ റേഷൻവിഹിതം അനുവദിക്കുന്നതിനുമായി ബഹു. ഭക്ഷ്യമന്ത്രിയുടെ നേതൃത്വത്തിൽ ധാരാളം നിവേദനങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം കേന്ദ്രസർക്കാരുമായി ചർച്ചകൾ നടത്തുകയുണ്ടായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ ധരണ നടത്തുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ നിവേദനങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഫലമായി പല ഘട്ടങ്ങളിലായി അഡീഷണൽ അലോട്ട്മെന്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഏറ്റവും ഒടുവിൽ APL വിഭാഗത്തിന് കുടിയ നിരക്കിലാണ് ഭക്ഷ്യ ധാന്യം അനുവദിച്ചിട്ടുള്ളത്.

റേഷൻ കാർഡിനുള്ള ഓൺലൈൻ അപേക്ഷ

99(1356) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിനായി ഓൺലൈൻ അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) റേഷൻ കാർഡിനായി ഓൺലൈൻ അപേക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) റേഷൻ കാർഡിനുള്ള ഓൺലൈൻ അപേക്ഷാ സംവിധാനം നടപ്പിലാക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അതോടൊപ്പം നേരിട്ടും അപേക്ഷ സ്വീകരിക്കുന്നുണ്ട്.

(ബി) റേഷൻകാർഡ് സംബന്ധമായ അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവർക്ക് സ്വന്തം നിലയിലോ അക്ഷയകേന്ദ്രങ്ങൾ വഴിയോ അപേക്ഷ ഓൺലൈനായി സമർപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പം അനുബന്ധ രേഖകളും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. പിന്നീട് അസ്സൽ രേഖകൾ താലൂക്ക് സപ്ലൈ ആഫീസിൽ നേരിട്ട് ഹാജരാക്കി കുടുംബനാഥന്റെ ഫോട്ടോ എടുത്ത് റേഷൻ കാർഡ് വാങ്ങാവുന്നതാണ്.

(സി) ഓൺലൈൻ സംവിധാനം ആരംഭിച്ചതിനുശേഷം സംസ്ഥാനത്താകെ 136311 ഓൺലൈൻ അപേക്ഷകൾ ലഭിക്കുകയും അതിൽ 57399 അപേക്ഷകളിൽ കാർഡ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly